


# ACADEMIC MASTER PLAN

## 2025-2026



# PROFILE

| | |
|---|---|
| Name of school | : St. John's MSC UP School Pallickal East |
| Date of Establishment | : 1931 |
| Name of Village | : Thekkekara |
| Name of cluster | : Varenickal |
| Name of Panchayath | : Thekkekara |
| Name of Block | : Mavelikkara |
| Name of BRC | : Mavelikkara |
| Name of District | : Alappuzha |
| Name of educational subdistrict | : Mavelikkara |
| Name of Headmaster | : Mr. Rinosh Samuel |
| Mobile Number | : 9048619970 |
| Senior Assistant | : Benny Philip. |
| Email ID | : 36285 alappuzha@gmail.com |
| School Code No. | : 36285 |
| Name of Taluk | : Mavelikkara. |
| School Manager | : H.E. RT. REV. Dr. Joshua Mar Ignathios. |
| Mob Number | : 8547099255 |

# ആമുഖം

മാവേലിക്കര താലൂക്കിൽ തെക്കേക്കര പഞ്ചായത്തിൽ കിഴക്കേക്കര മുറിയിൽ കുറത്തികാട് പ്രദേശത്തോട് ചേർന്ന് കിടക്കുന്ന സെന്റ് ജോൺസ് എം. എസ്. സി. യു. പി. എസ്. പള്ളിക്കൽ ഈസ്റ്റിൽ എട്ടരപതിറ്റാണ്ട് കാലമായി വിദ്യാഭ്യാസ സാംസ്കാരിക മണ്ഡലത്തിൽ പ്രവർത്തന നിരതമാണ്.

പുണ്യപിതാവ് മാർ ഇവാനിയോസ് പിതാവിന്റെ സനാതനതത്വമായ പള്ളിക്ക് മുൻപേ പള്ളിക്കൂടം എന്ന ആശയം സാക്ഷാത്ക്കാരമാക്കിക്കൊണ്ട് 1931 ൽ ഈ വിദ്യാലയം മലങ്കരയുടെ സ്വന്തമായി. 1914 ൽ ഈ ഗ്രാമത്തിലെ കരയോഗത്തിൽ ഒത്തുചേർന്നുകൊണ്ട് തങ്ങളുടെ കുഞ്ഞുങ്ങൾക്ക് അറിവും മൂല്യവും നൽകാൻ 1, 2 ക്ലാസ്സുകൾ മാത്രമുള്ള ഈ സരസ്വതീക്ഷേത്രത്തിന് തുടക്കമിട്ടു. 1930 ൽ കുറത്തികാട് ചേരാവള്ളിൽ കത്തനാരന്മാർ പുനരൈക്യപ്രസ്ഥാനവുമായി സഹകരിച്ച് പോകുവാൻ ഉള്ള താത്പര്യം മാർ ഈവാനിയോസ് പിതാവിനെ അറിയിക്കുകയുണ്ടായി. പിൽക്കാലത്ത് ഈ സ്കൂളിന്റെ ഉടമസ്ഥാവകാശം കാങ്കാലിൽ ഗീവർഗ്ഗീസിൽ എത്തിച്ചേർന്നു. കുറത്തികാട് ചേരാവള്ളിൽ മാത്യൂസ് കത്തനാർ ഈ സ്ഥാപനം ഗീവർഗ്ഗീസിൽ നിന്നും 1929 ൽ വിലയ്ക്ക് വാങ്ങി. 1931 ൽ ഈ സ്ഥാപനം മലങ്കര സുറിയാനി കത്തോലിക്കാ മാനേജ്മെന്റിന് കൈമാ റുകയും തുടർന്ന് യു.പി. സ്കൂളായി ഉയർത്തുകയും ചെയ്തു. ഇന്ന് പ്രീ-പ്രൈമറി മുതൽ 7 വരെയുള്ള സ്കൂളായി (മലയാളം മീഡിയം & ഇംഗ്ലീഷ് മീഡിയം) പ്രവർത്തിച്ചുവരുന്നു.

# പൊതുവിശകലനം

സാമൂഹികപരമായും സാമ്പത്തികപരമായും വിദ്യാഭ്യാസപരമായും വളരെ പിന്നോക്കം നിന്നിരുന്ന ആലപ്പുഴ ജില്ലയിലെ കുറത്തികാട് ഗ്രാമത്തിൽ 1931 ൽ ഈ വിദ്യാലയം രൂപീകൃതമായി.

തെക്കേക്കര പഞ്ചായത്തിലെ 11-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയത്തിൽ പ്രീ-പ്രൈമറി മുതൽ 7-ാം ക്ലാസ്സുവരെ 322 കുട്ടികൾ പഠിക്കുന്നു. ഹെഡ് മാസ്റ്റർ ഉൾപ്പെടെ 14 അധ്യാപകരും ഒരു കമ്പ്യൂട്ടർ ടീച്ചറും ഓഫീസ് അറ്റന്റന്റും ഇവിടെ ജീവനക്കാരായി ഉണ്ട്. കലാ-കായിക പ്രവർത്തനങ്ങളിലും അക്കാദമിക പ്രവർത്തനങ്ങളിലും ഈ വിദ്യാലയം മികച്ച നിലവാരം പുലർത്തുന്നു.

# ലക്ഷ്യങ്ങൾ

- ഓരോ ക്ലാസ്സിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
- ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
- ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക.
- ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.
- മുഴുവൻ ക്ലാസുകളിലും ഐസിടി സാധ്യത ഉറപ്പുവരുത്തുക.
- പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക.

- പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
- വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക.
- മുഴുവൻ കുട്ടികൾക്കും ശാസ്ത്രപഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജമാക്കുക.
- ലഘു പഠനയാത്രകൾ പഠനക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രോജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- പുതിയതലമുറയിൽ കൃഷിയോടുള്ള താൽപര്യം വളർത്തിയെടുക്കുക.
- ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക, അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാൻമാരാക്കുക.
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
- ജൈവവൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക, കൂടുതൽ മെച്ചപ്പെടുത്തുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യ ധാരയിലെത്തിക്കുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക.
- കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക.

- സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- പ്രാദേശികമായി ലഭ്യമായ റിസോഴ്സുകളെ / വിഭവങ്ങളെ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുക.
- കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക
- മാലിന്യസംസ്കരണത്തിന് സാധ്യമായ വിവിധ മാർഗ്ഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക.
- ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവുമാക്കുക.
- കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുന്നതിനാവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- ടാലന്റ് ലാബ് എന്ന ആശയം നടപ്പിലാക്കുക.

# അധ്യാപകരും അനധ്യാപകരും വിവരങ്ങൾ
# 2025-2026

| നം. | അധ്യാപകരുടെ പേര് | സബ്ജക്ട് കൌൺസിൽ | ക്ലബ്ബ് ചുമതല |
|---|---|---|---|
| 1 | റിനോഷ് സാമുവൽ | ഹെഡ് മാസ്റ്റർ | |
| 2 | ബെന്നി ഫിലിപ്പ് | മലയാളം | Noon-Meal, Health Club |
| 3 | മേരി ജോൺ | ഇംഗ്ലീഷ്, S.S. | Guides, English |
| 4 | ജിൻസി ജോൺസൺ | സയൻസ്, ഗണിതം | P.T.A., Science |
| 5 | ഷീജ റ്റി. | മലയാളം | Malayalam |
| 6 | മിനിമോൾ കെ. | ഇംഗ്ലീഷ് | Social Science |
| 7 | അൽഫോൺസ റ്റി. ജെ. | സയൻസ് | Bio-Diversity Club |
| 8 | അജി ഏലിയാമ്മ | ഗണിതം | Maths |
| 9 | ജോസി വർഗ്ഗീസ് വി.എസ്. | സംസ്കൃതം, ഐ.ടി. | SRG, Sanskrit, IT, Vidyarangam |
| 10 | സിനിമോൾ ഫിലിപ്പ് | ഹിന്ദി | Staff Secretary, Hindi |
| 11 | മോബിൻ എം. | O.A. | |

## ഭിന്നശേഷിയുള്ള കുട്ടികളുടെ പട്ടിക

| ക്ലാസ്സ് | V.I. | H.I. | M.R. | S.I. | Autism | I.D. | അംഗ പരിമിതി | ആകെ |
|---|---|---|---|---|---|---|---|---|
| Pre Primary | | | | 2 | | 2 | | 3 |
| II | | | | | | 2 | | 2 |
| IV | | | | | 1 | 2 | | 3 |
| V | 1 | | | 1 | | | | 2 |
| VI | | | | 1 | | | | 1 |
| VII | 1 | | | 1 | | 2 | | 3 |

## നിലവിലുള്ള ഭൌതിക സാഹചര്യങ്ങൾ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| ക്ലാസ്സ് മുറി | 17 | |
| ആൺകുട്ടികൾക്കുള്ള ടോയ്‌ലെറ്റ് | 3 | |
| പെൺകുട്ടികൾക്കുള്ള ടോയ്‌ലെറ്റ് | 5 | |
| കിണർ | 1 | |
| ലൈബ്രറി | 1 | |
| ചുറ്റുമതിൽ | ഉണ്ട് | |
| കളിസ്ഥലം | 1 | |
| റാംപ് | 1 | |
| അടുക്കള | 1 | |
| കമ്പ്യൂട്ടർ ലാബ് | 1 | |

| | | |
|---|---|---|
| റീഡിംഗ് റൂം | 1 | |
| സ്കൂൾ ബസ്സ് | | |
| വിഷയ ലാബുകൾ | 1 | |
| ഇൻഡോർ ആഡിറ്റോറിയം | 1 | |
| ഓപ്പൺ സ്റ്റേജ് ആഡിറ്റോറിയം | 1 | |
| ഗ്രൌണ്ട് | 1 | |
| കമ്പ്യൂട്ടർ | 6 | |
| ലാപ്ടോപ് | 2 | 6 |
| സൌണ്ട് സിസ്റ്റം | 1 | |
| പ്രൊജക്ടർ | 2 | |
| ഗ്രീൻ ബോർഡ് | 3 | |
| ബ്ലാക്ക് ബോർഡ് | 10 | |
| വൈറ്റ് ബോർഡ് | 2 | |

## മറ്റ് ICT സാധ്യതകൾ

| സംവിധാനം | ഉണ്ട്/ഇല്ല |
|---|---|
| വിക്ടർ ചാനൽ | ഇല്ല |
| ഡി.വി.ഡി. പ്ലെയർ | ഇല്ല |
| ഇന്റർനെറ്റ് | ഉണ്ട് |
| വെബ്സൈറ്റ് | ഇല്ല |
| ഇമെയിൽ | ഉണ്ട് |
| സ്മാർട്ട് ക്ലാസ്സ് റൂം | ഉണ്ട് |

# പ്രശ്നങ്ങൾ, വെല്ലുവിളികൾ

## അക്കാദമികം

- മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല.
- റിസോഴ്സ് അധ്യാപകരുടെ കുറവ്.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് കൊണ്ടുള്ള പാഠ്യപദ്ധതിയുടെ അഭാവം.
- 10 ശതമാനം കട്ടികൾക്ക് അടിസ്ഥാനശേഷി കൈവരിക്കാൻ സാധിക്കുന്നില്ല.
- ശരിയായ കായികക്ഷമത ഉറപ്പുവരുത്താൻ കഴിയുന്നില്ല.
- ചില കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഗണിതം എന്നീ വിഷയങ്ങളിൽ നിർദേശിക്കപ്പെട്ട ശേഷികൾ മുഴുവൻ ആർജിക്കാൻ കഴിയുന്നില്ല.
- ക്ലാസ് ലൈബ്രറിയുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമാവുന്നില്ല.
- കലാ – കായിക - പ്രവൃത്തി പരിചയ മേഖലകളിൽ പരിശീലനം നേടിയ അധ്യാപകരുടെ അഭാവം.
- ഓപ്പൺ ഓഡിറ്റോറിയത്തിന്റെ മുൻവശം ടൈലിട്ട് മനോഹരമാക്കി, കുട്ടികളുടെ ഗ്രൂപ്പ് പ്രവർത്തനങ്ങൾക്ക് സൌകര്യമാക്കി എടുക്കാൻ കഴിയാത്തത് ഒരു അപര്യാപ്തതയായി നിലകൊള്ളുന്നു.

## ഭൌതികം

- റിസോഴ്സ് റൂമുകളുടെ അഭാവം.
- ഭൂമിശാസ്ത്രപരമായ ഘടന.
- ക്ലാസ് ലൈബ്രറിക്ക് വിപുലമായ സൗകര്യമില്ല.
- ടോയ് ലെറ്റുകൾ വൃത്തിയായി സൂക്ഷിക്കാൻ കഴിയുന്നില്ല.
- പ്രഭാത ഭക്ഷണം കഴിക്കാതെ കുട്ടികൾ സ്കൂളിലെത്തുന്നു.
- കലാകായിക പ്രവർത്തനങ്ങൾക്കാവശ്യമായ പ്രോത്സാഹനം നൽകാൻ വിദഗ്ധരുടെ സേവനം എപ്പോഴും ലഭ്യമാക്കാൻ സാധിക്കുന്നില്ല
- ഭാഷാലാബ് പ്രവർത്തനക്ഷമമായിട്ടില്ല.

## സാമൂഹികം

- ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് രക്ഷിതാക്കൾ സാമൂഹ്യ പ്രവർത്തകർ എന്നിവർക്ക് ആവശ്യമായ അവബോധം ഇല്ല.
- ഭിന്നശേഷിക്കാരുടെ മികച്ച പഠനത്തിനും ജീവിതത്തിനും നിലവിലുള്ള നിയമ പരിരക്ഷയെ കുറിച്ച് ധാരണയില്ല.
- വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കുന്നില്ല.
- പൂർവ്വ വിദ്യാർത്ഥി സംഘടന, പൂർവ്വ അധ്യാപക സംഘടന, എസ്.എം.സി, എസ്.എം.ഡി.പി, പി.ടി.ഐ എന്നീ സ്ഥാപനങ്ങളുടെ സാധ്യതകൾ വേണ്ടവിധം കണ്ടെത്തി പ്രയോജനപ്പെടുത്തുന്നില്ല.

- കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും വികസിക്കുന്നില്ല.

# സ്കൂൾ മികവിന്റെ കാഴ്ചപ്പാട്

## പ്രീപ്രൈമറി മുതൽ ഏഴാം ക്ലാസ് വരെ

1. കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി പ്രവർത്തനങ്ങളിലേർപ്പെടാൻ കഴിയും വിധം സമൂഹത്തിലെ വിവിധ ഘടകങ്ങളെ ഏകോപിപ്പിക്കുക.
2. വിദ്യാലയത്തിന്റെ പുരോഗതിയിൽ തല്പരരായ എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണ വിദ്യാലയ വികസനത്തിന് ലഭ്യമാക്കുക.
3. പി.ടി.എ, എം.പി.ടി.എ എന്നിവ ശക്തമാക്കുക.
4. വിദ്യാലയ മികവുകൾ സമൂഹവുമായി പങ്കിടുന്നതിനുള്ള വേദികൾ ഒരുക്കുക. (പഠനോത്സവം സഹവാസ ക്യാമ്പുകൾ ഇംഗ്ലീഷ് കാർണിവൽ മുതലായവ.)
5. ഒന്നു മുതൽ ഏഴ് വരെ ക്ലാസിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദേശിക്കുന്ന ആശയങ്ങളും ധാരണകളും ശേഷിയും നൈപുണിയും മനോഭാവവും മൂല്യങ്ങളും ആർജ്ജിക്കാൻ അവസരമൊരുക്കുക.
6. വരുംകാലത്തിന്റെ ആവശ്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കി ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി അധ്യായനം ഉറപ്പിക്കുക.
7. മാനസികോലാസം നൽകുന്ന കൃഷി, യോഗ, ഫുട്ബോൾ, ക്രിക്കറ്റ്, നീന്തൽ പരിശീലനം, ഡാൻസ്, ചിത്രരചന മുതലായവയ്ക്ക് പ്രാധാന്യം നൽകുക.

8. എൽ.എസ്.എസ്, യു.എസ്.എസ്. പരീക്ഷയ്ക്ക് പരിശീലനം നൽകുക

9. വേഗ വായന സാധ്യമാക്കാൻ പ്രത്യേക അക്ഷര കളരികൾ ആരംഭിച്ചു അക്ഷരമുറപ്പിക്കാൻ മണലെഴുത്ത് മുതൽ എൽസിഡി പ്രൊജക്ടർ വരെയുള്ള സാങ്കേതികവിദ്യകൾ ഉറപ്പാക്കുക

## പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 8) മൂന്നുവർഷത്തിനുള്ളിൽ ട്യൂഷൻ സംസ്ക്കാരത്തിന് വിരാമം | സ്കൂൾ സിലബസിന് പുറമെ കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്നതിന് വിദഗ്ധരിൽ നിന്നും പരിശീലനം. (ഗണിതം, സയൻസ് വിഷയങ്ങൾക്ക്) | അവധിക്കാലം | പി.ടി.എ, ഹെഡ്മിസ്ട്രസ് | രക്ഷിതാക്കൾ |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:**<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:**<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ - മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

# മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | **Lend Your Ear-** ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | **Follow Me If You Can!** ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Breaking News** ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Missing Man** അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Treasure Hunt** വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്ത് | ഇംഗ്ലീഷ് അധ്യാപകർ | |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| | **Meet the Foreigner** തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | **One Man Show** ആശയം നൽകി ഇംഗ്ലീഷിൽ ഏകാദിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | **I Too Can !!** വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Leaning Ladder** പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | **F.M. Corner** വ്യത്യസ്തമായ കഥകൾ **Reader's Theatre** റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Reader of the Month** ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. **Reader of the Month** നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | **My Droplets** കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Alert Zone** സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Run Baby Run** ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Fun time Funda** കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | **The Grand Camp** ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത്<br>ആറിന് **Role play** നാടകം എന്നിവ പ്രച്ഛന്നവേഷരായി<br>ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ.<br>ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി /ഫിലിം ഷോ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |

# മേഖല യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) **5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ.** ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷര ങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) **ഹിന്ദി വായന**: തെറ്റു കൂടാതെ ഹിന്ദി വായിക്കു വാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) **ഹിന്ദി സംസാരം**: ഹിന്ദി യിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാ രിക്കാനുള്ള ഭാഷ പരിചയ പ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്...........<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധ യോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തി ക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

# മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:**<br>ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര**<br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി**<br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറുക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്**<br>ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്ലോ-എക്സ്പ്ലോർ**<br>ആധുനീക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവ സരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ് | പി.ടി.എ<br>സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതി നായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യ യുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജന പ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്ര ങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷ ണോത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboralory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂല കങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിങ്ങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്ര ത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടി സ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാ വബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip**<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യ മുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപ പ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോ ടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെ ക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാ ക്കളെ ബോധവാന്മാരാ ക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങ ളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പി ക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശിയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്നു, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**മേഖല – അക്കാദമികം** **ഉപമേഖല: സംസ്കൃതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.<br>• അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.<br>• ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.<br>• എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.<br>• സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തങ്ങൾ<br>• ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ<br>• ഭാഷാലാബ് | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• പതിപ്പുകൾ, മാഗസിനുകൾ<br>• രചനാ ശില്പശാലകൾ<br>• സംസ്കൃതദിനാചരണം / അസംബ്ലി<br>• ഒഴിവുസംയങ്ങളിൽ പ്രത്യേക ക്ലാസ്<br>• വായനമൂല, പദപ്പയറ്റ്, ചോദ്യോത്തരപയറ്റ്, നിഘണ്ടു നിർമാണം, മാഗസിൻ നിർമാണം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമാണം, കഥ - ഉപന്യാസം രചിക്കൽ & അവതരണം etc...<br>• വിവിധസാഹിത്യശാഖകളെ പരിചയപ്പെടുത്തൽ, കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച് / ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc...<br>• വിവിധ കലാരൂപങ്ങളുടെ demonstration | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ വീഡിയോകൾ ചിത്രങ്ങൾ etc.. | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## PROJECT (SANSKRIT)

- **സംസ്കൃതം ലൈബ്രറി**
  സംസ്കൃതഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിതഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം.

- **സംസ്കൃതദിനാചരണം**
  സംസ്കൃതദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ

- **സംസ്കൃത അസംബ്ലി**
  വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി അവതരിപ്പിക്കൽ.

- **സംസ്കൃതസംഭാഷണ ശിബിരം**
  സംഭാഷണപാടവം മെച്ചപ്പെടുത്താനായി സംഭാഷണശിബിരങ്ങൾ സംഘടിപ്പിക്കൽ.

- **പഠനയാത്രകൾ സംഘടിപ്പിക്കൽ**
  സംസ്കൃതകൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ.

- **വിവിധ മത്സരങ്ങൾ**
  കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.

- **മികച്ച വിദ്യാർത്ഥികൾക്ക് മത്സരപ്പരീക്ഷൾക്കുള്ള പ്രത്യേകപരിശീലനം**
  സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, യു എസ് എസ് പരീക്ഷ, രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ.

- **ഐ ടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ**
  വിക്ടേഴ്സ്ചാനൽ, സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ. സംസ്കൃതം സിനിമകൾ, ഷോർട്ട് ഫിലിമുകൾ , ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ.

# അക്കാദമിക മാസ്റ്റർപ്ലാൻ 2025-2026

## വിഷയം-മലയാളം

### ലക്ഷ്യങ്ങൾ

- അനുഭവത്തിലൂടെ പഠനത്തിന് അവസരമൊരുക്കുക.
- പ്രൈമറി ക്ലാസു കഴിയുന്ന എല്ലാ കുട്ടികളെയും വായിക്കാനും എഴുതാനും പ്രാപ്തിയുള്ളവരാക്കി മാറ്റും.
- വായനയുടെ വിവിധതലങ്ങൾ പരിചയപ്പെടൽ.
- അമ്മ വായന
- കുഞ്ഞുവായന, കുട്ടിയെഴുത്ത്
- വായനോത്സവം
- സംയുക്ത ഡയറി എല്ലാവർക്കും. ( ക്ലാസ് 1 & 2)
- സർഗാത്മക ഡയറി എല്ലാവർക്കും. ( ക്ലാസ് 3& 4)
- ആസ്വാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടുക
- വായനാസാമഗ്രികൾ കണ്ടെത്തുക. വികസിപ്പിക്കുക.
- സ്വയം പഠനത്തിനും സൃഷ്ടിപരതയ്ക്കും കൂടുതൽ അവസരങ്ങൾ നൽകുക.
- അറിവ് നിർമ്മാണത്തിനു അവസരം നൽകുക
- മലയാളത്തിലെ വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ.
- എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക.
- സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ.
- **തേന്മൊഴി** ( മലയാള ഭാഷയോടും സാഹിത്യത്തോടും ഉള്ള താൽപ്പര്യം വർദ്ധിപ്പിക്കുക.)
    * വിവിധ ശിൽപ്പശാലകൾ ( നാടൻപ്പാട്ട് ശിൽപ്പശാല, രചന ശിൽപ്പശാലകൾ )
    * എഴുത്തുകാരുമായി സംവദിക്കൽ.
    * സാഹിത്യവും സംസ്കാരവുമായി ബന്ധപ്പെട്ട സ്മാരകങ്ങൾ, പ്രദർശാനലയങ്ങൾ എന്നിവിടങ്ങൾ സന്ദർശിക്കൽ.

# അക്കാദമിക മാസ്റ്റർപ്ലാൻ-മലയാളം

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പ ത്തികം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | ഭാഷപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാള ത്തിളക്കം) | 1. Pre-test.<br>2. അക്ഷരം ഉറപ്പിക്കൽ.<br>3. അടയാളം ഉറപ്പിക്കല്.<br>4. അക്ഷരകാർഡ് നൽകൽ.<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക.<br>7. വാക്യങ്ങൾ നിർമ്മിക്കുക.<br>8. ചിത്രം - അടിക്കുറിപ്പ്.<br>9. ചിത്രം - കഥപറയൽ.<br>10. ചിത്രം - കഥ എഴുതൽ.<br>11. കഥ – ബാക്കി എഴുതൽ<br>12. കഥാപുസ്തകം നൽകൽ.<br>13. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്.<br>14. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് വേണ്ടി പ്രത്യകം വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു. | ജൂൺ-ആഗസ്റ്റ് (3 മാസം) | മലയാളം ടീച്ചർ | | |
| 2 | വായന (കുട്ടിയെ മികച്ച വായനക്കാരനാക്കുക.) | 1. ക്ലാസ്സ് വായനാക്കൂട്ടം രൂപികരിക്കൽ.<br>2. വായനമൂല, ക്ലാസ് ലൈബ്രറി രൂപികരിക്കൽ.<br>3. സ്കൂൾ ലൈബ്രറി<br>4. നവീകരിക്കൽ.<br>5. വായനദിനവുമായി ബന്ധപ്പെടുത്തി വായനോത്സവം സംഘടിപ്പിക്കൽ.<br>6. പത്രവായന (വിവിധ പത്രങ്ങൾ ക്ലാസ്സിൽ ലഭ്യമാക്കൽ)<br>7. പുസ്തകചർച്ച<br>8. വായനാനുഭവം പങ്കുവെയ്ക്കൽ<br>9. വായനാക്കുറിപ്പ് പതിപ്പ്<br>10. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം ക്ലാസ് സഭ<br>11. ബാലസഭ<br>12. ദിനാചരണങ്ങൾ.<br>13. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം. | 8 മാസം ജൂൺ-ജനുവരി | ക്ലാസ് ടീച്ചർ മലയാളം ടീച്ചർ വിദ്യാരംഗം കലാസാഹിത്യ വേദി. | | |

| | | | | | | |
|---|---|---|---|---|---|---|
| | | 14. അനൗകാലിക പ്രസിദ്ധീകരണങ്ങളും വായനയും. | | | | |
| 3 | ഭാഷണം | 1. അസംബ്ലി.<br>2. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം ക്ലാസ് സഭ<br>3. ബാലസഭ<br>4. ദിനാചരണങ്ങൾ.<br>5. പാഠഭാഗ ആശയം വിവിധ രീതിയിൽ അവതരിപ്പിക്കാൻ ശ്രമിക്കൽ<br>ഉദ : നാടകം. | | ക്ലാസ് ടീച്ചർ, | | |
| 4 | ലേഖനം.<br>(കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക.) | 1. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ.<br>2. വായനാക്കുറിപ്പ് പതിപ്പ്<br>3. സ്കൂൾ പത്രം, മാഗസിൻ തയ്യാറാക്കൽ<br>4. പതിപ്പുകൾ തയ്യാറാക്കൽ<br>5. വ്യക്തിഗത സാഹിത്യ രചന<br>6. സംഘരചന<br>7. എഡിറ്റിംഗ്<br>8. രചനാ ശില്പശാല സംഘടിപ്പിക്കൽ<br>9. ഒരു വ്യവഹാരരൂപത്തെ മറ്റൊരു വ്യവഹാരരൂപമായി മാറ്റുന്നു. അവതരിപ്പിക്കുന്നു.<br>10. സാഹിത്യകാരന്മാരുടെ ഫോട്ടോ ഗ്യാലറി.<br>11. ചലചിത്ര പ്രദർശനം<br>12. നാടകാവതരണം | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ, വിദ്യാരംഗം കലാസാഹിത്യ വേദി. | | |

# വിഷയം-ഇംഗ്ലീഷ്

## ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് രസകരമായും ആസ്വാദ്യകരമായും ഫലപ്രദമായും എഴുതാവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ഇംഗ്ലീഷ് ഭാഷാപഠനം ലളിതവും രസകരമായും ആകർഷകവുമായി മാറ്റുവാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
- തെറ്റില്ലാതെ അനായസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ
- ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ.
- ഇംഗ്ലീഷിൽ സർഗാത്മകപ്രവർത്തനങ്ങൾക്കുള്ള ശേഷി നേടൽ
- വ്യാകരണശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ.
  ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ
- ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കാനും അതിലൂടെ ഭാഷാനൈപുണി വളർത്താനുമുള്ള ആവേശം കുട്ടികളിൽ ഉണ്ടാക്കുക.

| അക്കാദമിക മാസ്റ്റർപ്ലാൻ- ഇംഗ്ലീഷ് | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്ക്സ് |
| 1 | ഭാഷപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. Pre-test.<br>2. അക്ഷരം ഉറപ്പിക്കൽ.<br>3. Preparing the students to acquire reading and writing skills begin g with letters, words, small sentence,.<br>4. Preparation English language games, puzzles, riddles.<br>5. Hello English activities<br>6. Action song<br>7. add more line<br>8. picture description<br>9. ECUBE ENGLISH LEARNING | ജൂൺ-ആഗസ്റ്റ് (3 മാസം) | ഇംഗ്ലീഷ് ടീച്ചർ, ഇംഗ്ലീഷ്ക്ലബ് | | |
| 2 | READING | 1. ഇംഗ്ലീഷ് അസംബ്ലി.<br>2. News paper reading<br>3. ക്ലാസിൽ നിലവാരത്തിനനുസരിച്ചുള്ള ഇംഗ്ലീഷ് പുസ്തകങ്ങൾ കൂടി | ജൂൺ-മാർച്ച് | ഇംഗ്ലീഷ് ടീച്ചർ, ഇംഗ്ലീഷ്ക്ലബ് | | |

| | | | | | | |
|---|---|---|---|---|---|---|
| | | ഉൾപ്പെടുത്തി വായനമൂല രൂപികരിക്കൽ.<br>4. സ്കൂൾ ലൈബ്രറി നവീകരി<br>5. ക്കൽ. | | | | |
| 3 | LISTENING | 1. ഇംഗ്ലീഷ് കഥകൾ കേൾ ക്കാനവസരം<br>2. റേഡിയോയിൽ ഇംഗ്ലീഷ് വാർത്ത കേൾക്കുന്നു. (ICT സാധ്യത പ്രയോജനപ്പെടുത്തുന്നു) | | | | |
| 4 | WRITING | 1. ഇംഗ്ലീഷ് ഡയറി<br>2. പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രദിപാതിച്ചിരിക്കുന്നതിൽ നിന്നും വ്യതസ്തമായ വ്യവഹാരരൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനു മുൻ പാകെ അവതരിപ്പിക്കൽ ഉദാ : Skit, Conversation, drama etc.<br>3. picture description<br>4. develop story, description, notice, proclamation, letter, announcement.<br>5. make riddles<br>6. English magazine<br>7. വ്യക്തിഗത രചന<br>8. സംഘരചന<br>9. എഡിറ്റിംഗ്<br>10. ENGLISH FEST.<br>11. ഒഴിവ് സമയങ്ങളിൽ ഇംഗ്ലീഷ് വ്യാകരണത്തിന് പ്രാധാന്യംനൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസുകൾ | ജൂൺ-മാർച്ച് | ഇംഗ്ലീഷ് ടീച്ചർ, ഇംഗ്ലീഷ്ക്ലബ് | | |
| 5 | Speaking | 1. Self introduction<br>2. Assembly activities-speech<br>3. day celebrations | | | | |

# വിഷയം-ഗണിതം

## ലക്ഷ്യങ്ങൾ

- ഗണിതപഠനം ലളിതവും രസകരമായും ആകർഷകവുമായി മാറ്റുവാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
- ഗണിതപഠനത്തിൽ അഭിരുചി വളർത്തൽ.
- പ്രായോഗിക സന്ദർഭങ്ങളിൽ മതിച്ചു പറയാനുള്ള ശേഷി വളർത്തുക.
- ചതുഷ്ക്രിയകൾ ഉപയോഗിച്ച് കൊണ്ട് പ്രശ്നങ്ങൾ നിർധാരണം ചെയ്യാൻ പ്രാപ്തമാക്കുക.
- ജ്യാമിതിരൂപങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടാക്കുക.
- മെട്രിക്ക് ഉപകരണങ്ങൾ പ്രയോഗിക സന്ദർഭങ്ങളിൽ ഉപയോഗിക്കാനുള്ള ശേഷി നേടുക.
- ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും ഉള്ള പരിമിതി പരിഹരിക്കൽ.
- മുഴുവൻ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പാക്കുക.
- ഗണിതത്തിലെ സൗന്ദര്യാത്മകതലം കണ്ടെത്തി സംഖ്യാപരമായ ആശയങ്ങളുടെയും അമൂർത്ത രൂപങ്ങളുടെയും ആസ്വാദനം.
- സാമൂഹ്യ പ്രതിബദ്ധതയോടുള്ള ഗണിതപഠനം
- ഗണിതശാസ്ത്രത്തിൽ സവിശേഷവൈഭവമുള്ള കുട്ടികളെ കണ്ടെത്തി അതിന്റെ പൂർണ്ണതയിൽ എത്തിക്കൽ.

| അക്കാദമിക മാസ്റ്റർപ്ലാൻ-ഗണിതം | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്ക്സ് |
| 1 | സംഖ്യാബോധം ഉറപ്പിക്കൽ | 1. Pre-test.<br>2. മൂർത്തവസ്തുക്കൾ ഉപയോഗിച്ച് (ഈർക്കിൽ, മഞ്ചാടി, മുത്ത്) എണ്ണൽ.<br>3. കെട്ടുകളാക്കൽ , കൂട്ടങ്ങളാക്കൽ.<br>4. അബാക്കസ്, സ്ഥാനവില പോക്കറ്റ്, കളിനോട്ടുകൾ, സംഖ്യാറിബൺ എന്നിവ ഉപയോഗിച്ച് സ്ഥാനവില ഉറപ്പിക്കൽ. | ജൂൺ (1 മാസം) | ഗണിതാദ്ധ്യാപിക. | | |

| | | | | | | |
|---|---|---|---|---|---|---|
| | | 5. സങ്കലനം മൂർത്തവസ്തുക്കൾ ഉപയോഗിച്ച് പ്രയോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ.<br>6. ഗണിതകേളികളിൽ ഏർപ്പെടൽ ഉദാ : പാമ്പും കോണിയും, സംഖ്യാ കാർഡ് കളി) | | | | |
| 2 | ഗണിതശേഷികൾ വളർത്തൽ | 1. ഗണിതമൂല തയ്യാറാക്കൽ<br>2. ഗണിതമാഗസിൻ ഗണിത ചിത്രങ്ങൾ,ഗണിത രൂപങ്ങൾ, ഗണിതകടംങ്കഥകൾ. Puzzle bord, games, ഗണിതജ്ഞരുടെ ചിത്രങ്ങൾ മുതലായവ ഉൾപ്പെട്ടുത്തി.<br>3. ഗണിത ക്വിസ്<br>4. ഉല്ലാസഗണിതം, ഗണിതവിജയം എന്നിവയുടെ ഫലപ്രദമായ പ്രയോഗം<br>5. ഗണിത പ്രോജക്ടുകൾ<br>6. ഗണിത മേളകൾ.<br>7. ഐ. സി.ടി സാധ്യതകൾ ഉപയോഗിച്ചുള്ള പഠനം.<br>8. വിദഗ്ദരുടെ ഗണിത ക്ലാസ്സുകൾ സംഘടിപ്പിക്കൽ.<br>9. ഗണിത പ്രോജക്ട്.<br>10. ഗണിതോത്സവം | ജൂൺ ഒക്ടോബർ<br><br>ആഴ്ചയിൽ ഒരിക്കൽ<br><br>ഫെബ്രുവരി | ഗണിതാദ്ധ്യാപിക. ഗണിതാക്ലബ് | | |

# വിഷയം-പരിസരപഠനം

## ലക്ഷ്യങ്ങൾ

- പരിസരപഠനം ലളിതവും രസകരമായും ആകർഷകവുമായി മാറ്റുവാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
- വിദ്യാർത്ഥികളിൽ പരിസരസംരക്ഷണബോധം വളർത്തുക.
- വിദ്യാലയം ഹരിതാഭമാക്കുക.
- അവാസവ്യവസ്ഥ നേരിട്ട് പരിചയപ്പെടാനുള്ള സാഹചര്യം ഒരുക്കണം
- ജലസംരക്ഷണബോധം വളരണം.
- മണ്ണും മനുഷ്യനും തമ്മിലുള്ള ആഴത്തിലുള ബന്ധം മനസ്സിലാക്കുക.
- പരിസ്ഥിതി സൗഹാർദ മനോഭവം വളർത്തുക .
- എല്ലാ ജീവജാലങ്ങളും ഭൂമിയുടെ തുല്യ അവകാശികളാണെന്നുള്ള ധാരണ രൂപികരിക്കുക
- സസ്യവൈവിധ്യത്തിന്റെ പ്രാധന്യം തിരിച്ചറിയുക.
- കൃഷിയോടുള്ള താത്പര്യം വളർത്തുക.
- ഊർജസംരക്ഷണപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുക.
- ശാസ്ത്രത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണതയിൽ എത്തിക്കുക.
- പരിസരപഠനത്തെ സാമൂഹിക ഇടപെടൽശേഷി വികസനത്തിന് പ്രയാജനപ്പടുത്താനുള്ള കഴിവും മനോഭാവവും വളർത്തുക.
- പരിസരപഠനത്തിൽ ഐ. സി.ടി സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.
- അർത്ഥപൂർണമായ ഭൂപടവായന

### അക്കാദമിക മാസ്റ്റർപ്ലാൻ-പരിസരപഠനം

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | പരിസ്ഥിതി സൗഹാർദ മനോഭവം വളർത്തുക | 1. ജൂൺ 5 പരിസ്ഥിതിദിനത്തോടനബന്ധിച്ച് വൃക്ഷതൈ നടൽ.<br>2. എല്ലാ കുട്ടികൾക്കും വൃക്ഷതൈ വിതരണം.<br>3. പിറന്നാൾ മരം ( പിറന്നാൾ ദിനത്തിൽ സ്കൂളിൽ മരം നടാനവസരം.<br>4. ജൈവകൃഷി | ജൂൺ | പരിസരപഠനം അദ്ധ്യാപിക. പരിസ്ഥിതി ക്ലബ് | | |
| 2 | കുട്ടികളിലെ പരീക്ഷണ നിരീക്ഷണ | 1. ശാസ്ത്രമൂല<br>2. ഫീൽഡ് ട്രിപ്പ് (പാടം, കുന്ന്, കാവ്)<br>3. ആവാസവ്യവസ്ഥയെപ്പറ്റി | ജൂൺ- മാർച്ച് | പരിസരപഠനം അദ്ധ്യാപിക. പരിസ്ഥിതി ക്ലബ് | | |

| | | | | | | |
|---|---|---|---|---|---|---|
| | പാഠവം വളർത്തുന്നു. | കുറിപ്പ് തയ്യാറാക്കുന്നു.<br>4. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പരിസ്ഥി സംരക്ഷണത്തിന്റെ ആവിശ്യകത ഉയർത്തുന്ന പോസ്റ്റർ തയ്യാറാക്കുന്നു.<br>5. പതിപ്പ് നിർമ്മാണം<br>6. പരീക്ഷണങ്ങളിലേർപ്പെടൽ.<br>7. ഐ. സി. ടി സാധ്യത പ്രയോജനപ്പെടുത്തിയുള്ള പരീക്ഷണ നിരീക്ഷണങ്ങൾ. | | | | |
| 3 | ശാസ്ത്രാഭിരുചി കണ്ടെത്തൽ | 1. Quiz competition<br>2. ക്ലാസ് തല പരീക്ഷണം.<br>3. ശാസ്ത്രപുസ്തക വായന<br>4. ശാസ്ത്രജ്ഞൻമാരുടെ ജീവചരിത്രവും അവരുടെ കണ്ടുപിടുത്തങ്ങളുടെയും ശേഖരണം. | ജൂൺ-മാർച്ച് | പരിസരപഠനം അദ്ധ്യാപിക. പരിസ്ഥിതി ക്ലബ് | | |

# ആരോഗ്യ കായിക വിദ്യാഭ്യാസം

## ലക്ഷ്യങ്ങൾ

- ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുക
- ആരോഗ്യകരമായ ഭക്ഷണശീലം വളർത്തൽ
- ദിവസേനയുള്ള വ്യായമം ശീലമാക്കുക.
- ശുചിത്യമുള്ള പരിസരത്തിന്റെ മൂല്യം ബോധ്യപ്പെടുത്തുന്നു.
- കായികക്ഷമതയുടെ പ്രാധന്യം കുട്ടികളെ ബോധ്യപ്പെടുത്തുക.

| അക്കാദമിക മാസ്റ്റർപ്ലാൻ-ആരോഗ്യ കായിക വിദ്യാഭ്യാസം | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
| 1 | ശാരീരിക ചാലകവികാസം | 1. ശാരീരിക ചലനം വേണ്ട കളികളിൽ ഏർപ്പെടാനുള്ള അവസരം നൽകുന്നു.<br>2. ലഘു വ്യായമങ്ങൾ<br>3. കായിക പരിശീലനം<br>4. യോഗ പരിശീലനം | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ<br>ബി. ആർ. സി | | |
| 2 | ശുചിത്വം | 1. ഓരോ ക്ലാസിലും ഹെൽത്ത് ഇൻ സ്പെക്ടർമാരെ തിരഞ്ഞെടുക്കുന്നു.<br>2. ആരോഗ്യ ശുചിത്യ ശീലങ്ങൾ എഴുതിയ പോസ്റ്ററുകൾ പ്രദർ ശിപ്പിക്കൽ. | ആഗസ്റ്റ് സെപ്റ്റംബർ | ഹെൽത്ത് ക്ലബ് | | |
| 3 | ആഹാരശീലങ്ങൾ | 1. ഫാസ്റ്റ് ഫുഡ് - പരമ്പരാഗത ഭക്ഷണം സംവാദം.<br>2. ബോധവത്കരണ ക്ലാസ്സുകൾ<br>3. പോഷകസമൃദ്ധമായ ഭക്ഷണം ഉറപ്പുവരുത്തൽ | | ഹെൽത്ത് ക്ലബ് | | |
| 4 | ശാരീരിക-മാനസിക ആരോഗ്യം | 1. ബോധവത്കരണ ക്ലാസ്സുകൾ.<br>2. ഗൈഡൻസ് & കൗൺസിലിംഗ്.<br>3. മെഡിക്കൽ ക്യാംപ് | | ഹെൽത്ത് ക്ലബ് & PTA | | |

# കലാപഠനം

## ലക്ഷ്യങ്ങൾ

- തുടർച്ചയായ പരിശീലനത്തിലൂടെ കുട്ടികളുടെ മികവുകൾ കണ്ടെത്തുകയും അതിന് ആവിശ്യമായ പരിശീലനങ്ങൾ കണ്ടെത്തുകയും ചെയ്യുക.

| അക്കാദമിക മാസ്റ്റർപ്ലാൻ- കലാപഠനം | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പ ത്തികം | റിമാർക്സ് |
| 1 | കലാപഠനം | 1. പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി യുള്ള പ്രവർ ത്തനങ്ങൾ<br>2. അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തുക.<br>3. പ്രാദേശികമായ ലഭ്യമായ കലാകാരന്മാരെ ഉപയോഗിച്ച് പരിശീലനം സംഘടിപ്പിക്കുക.<br>4. ശില്പശാലകൾ സംഘടിപ്പിക്കുക.<br>5. വിവിധ കലാരൂപങ്ങളുമായി ബന്ധപ്പെട്ട വേഷവിധാനങ്ങൾ ഉപകരണങ്ങൾ എന്നിവ പരിചയപ്പെടാനും കാണാനുമുള്ള അവസരങ്ങൾ നൽകുന്നു.<br>6. കലാകരന്മാരെ കാണനും അവരുമായി സംവദിക്കാനുമുള്ള അവസരം. | ജൂൺ - മാർച്ച്<br><br>ആഗസ്റ്റ്- സെപ്റ്റംബർ | ക്ലാസ് ടീച്ചർ | | |

# പ്രവൃത്തി പരിചയം

## ലക്ഷ്യങ്ങൾ

- തുടർച്ചയായ പരിശീലനത്തിലൂടെ കുട്ടികളുടെ മികവുകൾ കണ്ടെത്തുകയും അതിന് ആവിശ്യമായ പരിശീലനങ്ങൾ കണ്ടെത്തുകയും ചെയ്യുക.

**അക്കാദമിക മാസ്റ്റർപ്ലാൻ- പ്രവൃത്തി പരിചയം**

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പ ത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | പ്രവൃത്തി പരിചയം | 1. പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി ഉത്പനങ്ങൾ തയ്യാറാക്കുക,<br>2. പ്രാദേശികമായ ലഭ്യമായ കലാകാരന്മാരെ ഉപയോഗിച്ച് പരിശീലനം സംഘടിപ്പിക്കുക.<br>3. ശില്പശാലകൾ സംഘടിപ്പിക്കുക. | ജൂൺ - മാർച്ച്<br>ആഗസ്റ്റ് സെപ്റ്റംബർ | ക്ലാസ് ടീച്ചർ | | |

## ഉപസംഹാരം

2025-2026 അക്കാദമിക വർഷത്തെ സമഗ്രമായ മാസ്റ്റർ പ്ലാൻ ആണ് ഇവിടെ തയ്യാറാക്കിയിരിക്കുന്നത്. ഇതിലെ ഓരോ അക്കാദമിക പ്രവർത്തനങ്ങളും ക്ലാസ് തലത്തിൽ ഓരോ കുട്ടിക്കും പ്രയോജനം ചെയ്യുന്ന വിധത്തിൽ ആസൂത്രണം ചെയ്യാവുന്ന രീതിയിൽ ആണ് തയ്യാറാക്കിയിരിക്കുന്നത്. ഈ മാസ്റ്റർ പ്ലാനിൽ മാറുന്ന സാഹചര്യങ്ങൾക്കനുസരിച്ച് മാറ്റങ്ങൾ വരാവുന്നതാണ്. പുതിയ പ്രവർത്തനങ്ങൾ കൂട്ടിച്ചേർക്കാവുന്നതാണ്. കുട്ടികളുടെ അടിസ്ഥാന ശേഷിവികസനത്തിനും പുരോഗതിയ്ക്കും ഈ മാസ്റ്റർ പ്ലാൻ  ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിച്ചുകൊള്ളുന്നു.